മിസിസ്സ് ടി. ഫ്രാൻസിസ്സ് : വൈപ്പ്മുതൽ പള്ളിപ്പുറംവരെയുള്ള പൈപ്പ്ലയിൻ എത്രത്തോളം തീർന്നിട്ടുണ്ട്?

റാവുസാഹിബ് കെ. അയ്യപ്പൻ : അതു തുടങ്ങിയിട്ടില്ല.

മിസിസ്സ് ടി. ഫ്രാൻസിസ്സ് : പനമ്പുകാട്, മുളവുകാട് എന്നീ ദിക്കുകളിലേക്ക് എന്നാണ് പൈപ്പ്ലയിൻ ഇടുന്നത്; അവിടെ ഒരു പാലം കെട്ടാൻ ആലോചനയുണ്ടെന്നു് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പാലം കെട്ടിയിട്ടു വേണോ പൈപ്പിടുവാൻ?

റാവുസാഹിബ് കെ. അയ്യപ്പൻ : പനമ്പുകാട്ടും മുളവുകാട്ടും പൈപ്പ് ഉടനെ ഇടുവാൻ ഉദ്ദേശിച്ചിട്ടില്ല.

മിസ്റ്റർ പി. കെ. ഡിവർ : പൈപ്പു കിട്ടിയിട്ടുണ്ടോ?

റാവുസാഹിബ് കെ. അയ്യപ്പൻ : പൈപ്പു കുറെ സ്ഥലത്തേക്കുണ്ട്. പക്ഷെ, വേറെ ചില പ്രയാസങ്ങൾ ഉള്ളതുകൊണ്ടാണ് അതിടാത്തത്.

മിസ്റ്റർ പി. കെ. ഡിവർ : എന്താണ് ആ പ്രയാസം?

റാവുസാഹിബ് കെ. അയ്യപ്പൻ : വെള്ളം കിട്ടാൻ ഉള്ള പ്രയാസമാണ്. ഇപ്പോൾ കിട്ടുന്നതിനേക്കാൾ കൂടുതൽ വെള്ളം കിട്ടാൻ തിരുവിതാംകൂർ ഗവണ്മെണ്ടുമായി എഴുത്തുകുത്തുകൾ നടത്തുകയാണ്.

BAN ON NEWS-PAPERS—DETAILS REGARDING

97. Mr. K. H. Sulaiman *(Mattancheri):* Will Government be pleased to state.—

(*a*) which are the news-papers that are still held to be illegal in Cochin State;

(*b*) do Government intend to remove the ban imposed on them in the near future?

Rao Sahib A. Madhava Prabhu (*Chief Secretary to Government*):

(*a*) (1) Desabhimani
(2) Prajamithram
& (3) Express

(*b*) No.

Mr. K. S. Panicker (*Trichur-Ezhuvas*) : Because of the importance of the question and because Mr. Sulaiman is absent, I request permission of the Chair to put the question. It is completely in your discretion, Sir.

Mr. President: Question time is over.

ARTICLES IN NEWS PAPERS REGARDING FOOD MINISTER'S VIST TO VADAVUCODE—PARTICULARS REGARDING

98. മിസ്റ്റർ കെ. എ. രാഘവൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽ നിന്നും സദയം മറുപടി പറയുമോ.—

(എ) ഭക്ഷ്യ വിദ്യാഭ്യാസമന്ത്രിയുടെ പെട്ടെന്നുള്ള സന്ദർശന ഫലമായി വടവുകോട്ടിലെ ഒരു ഫെയർ പ്രൈസ്സ് ഷാപ്പിലെ ജോലിക്കാരനെ സസ്പെൻണ്ട് ചെയ്യുകയും എറണാകുളം അസിസ്റ്റണ്ട് സപ്ലൈ ആഫീസറായിരുന്ന മിസ്റ്റർ പി. കെ. അബ്ദുള്ളയെ നിർബ്ബന്ധ ലീവ് എടുപ്പിക്കുകയും ചെയ്തുവെന്നു ദിനബന്ധു, എക്സ്പ്രസ്സ് മുതലായ പത്രങ്ങളിൽ റിപ്പോർട്ടുചെയ്യപ്പെട്ടിരുന്നതു ശരിയാണോ;

(ബി) മിസ്റ്റർ അബ്ദുള്ളയെ സംബന്ധിച്ചിടത്തോളം റിപ്പോർട്ടു ശരിയല്ലെങ്കിൽ ആ ഉദ്യോഗസ്ഥന്റെ കൃത്യനിർവഹണത്തേയും സ്വഭാവത്തേയും കളങ്കപ്പെടുത്തുന്നതായ ആ റിപ്പോർട്ടു ഗവണ്മെണ്ടു നിഷേധിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) വടവുകോട് ഫെയർപ്രൈസ് ഷാപ്പിലെ ജോലിക്കാരെ സസ്പെൻണ്ട് ചെയ്തു എന്നതു ശരിയാണ്. മിസ്റ്റർ അബ്ദുള്ളയെ നിർബന്ധിച്ചു ലീവ് എടുപ്പിച്ചു എന്നതു ശരിയല്ല.

(ബി) ആ റിപ്പോർട്ടു ആ ഉദ്യോഗസ്ഥന്റെ കൃത്യനിർവ്വഹണത്തേയും സ്വഭാവത്തേയും കളങ്കപ്പെടുത്തുന്നതായിട്ടു ഗവണ്മെണ്ടിനു തോന്നിയില്ല.

LIBRARY ARCHIVES Kerala Legislative Assembly